# വിദ്യാഭാരതി

Since 1944




# SKMJ HSS KALPETTA

# THE SOUL AND SPIRIT BEHIND OUR INSTITUTION



**Sri. M.K JINACHANDRAN**
**HON.FOUNDER MANAGER**



**Sri. M.J. VIJAYAPADMAN**
**HON.MANAGER**

# ജിനചന്ദ്ര സ്മൃതി

സുബ്ബുകൃഷ്ണ എന്നൊരു പാവനസ്മരണയിൽ
നിലകൊള്ളും ജ്ഞാനത്തിൻ കേദാരമെ സത്യവും
ധർമ്മവും നീതിയും  പുലരുന്ന വിദ്യപ്രദായനി
സർവ്വസ്വമേ.

നാടിൻ മനസ്സിലായി നന്മതൻ മൂല്യങ്ങൾ
ഒന്നൊഴിയാതെ പകർന്നുതന്നും അറിവിന്റെ
അക്ഷയ ഖനിതേടും ഞങ്ങൾക്ക് സന്മാർഗം കാട്ടുന്ന
ദിവ്യമൂർത്തേ.

ജിനചന്ദ്ര സ്മൃതിയുടെ ദിവ്യപ്രഭാവത്താൽ ഒരു നവ
ജ്യോതിസ്സായ് തിരുവാനായ് സർവ്വലോകങ്ങളും
പ്രദചൊരിയും  ദേവാ ഞങ്ങളിലെന്നും കനിയേണമേ.



# ആശംസ

2022-25 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിദ്യാഭാരതി ഡിജിറ്റൽ മാസിക തയ്യാറാക്കിയത് വളരെയധികം അഭിനന്ദാർഹമാണ്. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ സ്കൂൾ കാലഘട്ടത്തിൽ തന്നെ സ്വാംശീകരിക്കുന്നത് പിന്നീട് വളരെയധികം പ്രയോജനപ്പെടും. സഹപാഠികളുടെ സർഗാത്മക രചനകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് എത്തിക്കാൻ നിങ്ങളുടെ ടീം കാണിക്കുന്ന ഉത്സാഹം മാതൃകാപരമാണ്. ഇതിലെ ഓരോ രചനകളും ഒന്നിനൊന്ന് മെച്ചപ്പെട്ടതാണെന്ന് അധ്യാപകർ വിലയിരുത്തി എന്നറിഞ്ഞതിൽ വിദ്യാലയത്തിന്റെ അഭിനന്ദനങ്ങൾ. ഐ. ടി. മേഖലയിൽ കൂടുതൽ മികവുള്ളവരാകാൻ എല്ലാവർക്കും സാധിക്കട്ടെ എന്നാശംസക്കുന്നു. മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ANILKUMAR. M.K.
Headmaster
S.K.M.J.Higher Sec.School
Kalpetta North - 673122

സ്നേഹപൂർവം
അനിൽകുമാർ
ഹെഡ്മാസ്റ്റർ

# ആമുഖം

വയനാട് ജില്ലയുടെ ആസ്ഥാനമായ കൽപ്പറ്റയിൽ സ്ഥിതിചെയ്യുന്ന എസ് കെ എം ജെ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനിൽ വിദ്യാർത്ഥികളുടെ സാഹിത്യവും കലാപരവുമായ സൃഷ്ടികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കലോത്സവത്തിൽ വിവിധ മത്സരങ്ങളിൽ  പങ്കെടുത്ത് മികവ് തെളിയിച്ച വിദ്യാർത്ഥികളുടെ രചനകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കായിക മത്സരങ്ങളിൽ സംസ്ഥാന-ദേശിയതലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ഇതിൽ പരാമർശിക്കുന്നു. കലാ-സാഹിത്യരംഗത്തേയ്ക്ക് ഞങ്ങളുടെ കൊച്ചു രചനകൾക്ക് ഇടം നേടാൻ സാധിക്കട്ടേ എന്ന ആശംസയോടെ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുന്നിലേക്ക് നീട്ടുന്നു......

എന്ന്,

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**


# ഉള്ളടക്കം

| | |
|---|---|
| ലേഖനം | 6 |
| കഥ | 7 |
| യാത്രാവിവരണം | 10 |
| കഥ | 12 |
| കവിത | 15 |
| പുസ്തകാസ്വാദനം | 16 |
| കഥ | 19 |
| ഉപന്യാസം | 22 |

# അന്ധവിശ്വാസം എന്ന ജയിലറ

"മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു മതങ്ങൾ ദൈവത്തെ സൃഷ്ടിച്ചു"
മലയാള സാഹിത്യത്തിൽ എഴുതി ചേർത്ത ഒരു പ്രസിദ്ധമായ വാക്കാണിത്.വയലാർ എഴുതിയ കവിതയിലെ പ്രസിദ്ധമായ വരികളാണിവ.ഈ വരികൾക്ക് നമ്മൾ കരുതുന്നതിനേക്കാൾ അർത്ഥങ്ങളുണ്ട് അന്ധവിശ്വാസം എന്നതിനെയാണ് വയലാർ ഇതിലൂടെ തുറന്നുകാട്ടുന്നത് അന്ധവിശ്വാസം മനുഷ്യരെ വേർതിരിച്ചു സമൂഹത്തിൽ ഒരു വിഭാഗം ജനങ്ങൾക്ക് മാത്രം ആധിപത്യം നൽകി.അന്ധവിശ്വാസം എന്നാൽ തികച്ചും ഒരു ജയിലറ തന്നെയാണ്. അതിന്റെ കണ്ണികൾ തകർക്കാൻ ഒരാളെ കൊണ്ട് മാത്രം സാധിക്കുകയില്ല അതിന് ഒരു സമൂഹം മുഴുവനും ഒരുമിച്ചു ആ കണ്ണിപൊട്ടിച്ചാൽതന്നെ അത് പഴയപടിയാക്കാൻ സമൂഹത്തിൽ ആളുകൾ ഇപ്പോഴുമുണ്ട് സമൂഹത്തിൽ ഓരോരുത്തർക്കും ഓരോസ്ഥാനങ്ങൾ നൽകി ഉയർന്ന ജാതിയും താഴ്ന്ന ജാതിയും എന്ന രീതിയിൽ വേർതിരിക്കപ്പെട്ടു. മധുവിനെ നമ്മുക്കെല്ലാവർകും ഓർമ്മയുണ്ടാകും 2018ൽ അട്ടപാടിയില്ലേ ഒരു വീട്ടിൽ നിന്നും വിശപടക്കാൻ ഒരു പിടി അരി മോഷ്ടിച്ച് എന്നതിന്റെ പേരിൽ 13 പേർ ചേർന്ന് ക്രൂരമായി കെട്ടിയിട്ട് മർദിച്ചു കൊലപെടുത്തിയത് ഒരു താഴ്ന്ന ജാതിക്കാരനായതുകൊണ്ട് മാത്രമാണ് മധുവിനെ അവർ മർദിച്ചു കൊലപെടുത്തിയത്.മധു ഒരു താഴ്ന്ന ജാതിക്കാരനായത് അന്ധവിശ്വാസം കാരണമാണ്. അന്ധവിശ്വാസം സമൂഹത്തിൽ ഉടലെടുക്കാൻ കാരണം കുറെകാലങ്ങൾക്ക് മുൻപ് രാജ്യഭരണം നിലവിൽ നിന്ന സമയത്ത് പണമില്ലാത്തവർ താഴ്ന്ന ജാതിക്കാരായും പണമുള്ളവർ ഉയർന്ന ജാതിക്കാരായും വേർതിരിച്ചു താഴ്ന്ന ജാതിക്കാർ ഉയർന്ന ജാതിയിലുള്ളവർക്കുവേണ്ടി അടിമപണിയെടുക്കണമെന്നു ഉത്തരവ് ഇറക്കി ആ ദിനം മുതൽ ഈ ദിവസം വരെ താഴ്ന്ന ജാതിക്കാരോടുള്ള ക്രൂരത സമൂഹത്തിൽ നിലനിന്നുവരുകയാണ് ഒപ്പം അന്ധവിശ്വാസവും . ഇതിൽ നിന്നൊക്കെ മോചനം ലഭിക്കണമെങ്കിൽ ജനങ്ങളെല്ലാവരും ഒരുമിച്ചു പരിശ്രമിക്കണം.

HARSHDEV S
9C
LITTLE KITE
SKMJ



# കഥ

## ലാൻഡ് ഫോൺ

ലാൻഡ് ഫോൺ ബെല്ലടിക്കുന്നു. രാധാകൃഷ്ണൻ ജോലിക്കാരിയായ മറിയാമ്മയോട് പറഞ്ഞു.
"ചേട്ടത്തിയേ അതൊന്ന് എടുത്തേ".മറിയാമ്മ അടുക്കളയിലെ തന്റെ പിടിപ്പത് ജോലി ഉപേക്ഷിച്ച് ഓടിയെത്തി.എന്നാൽ, ഫോൺ എടുത്തെങ്കിലും മുറിഞ്ഞ് മുറിഞ്ഞ് കേൾക്കുന്ന ശബ്ദമല്ലാതെ ഒന്നും കേട്ടില്ല. മറിയാമ്മ ഇക്കാര്യം രാധാകൃഷ്ണനെ അറിയിച്ചു. അയാൾ ഇങ്ങനെ ഉരുവിട്ടു."ചേട്ടത്തി ഇതുവരെയും ഒരു ഫോൺ എടുക്കാൻ പഠിച്ചിട്ടില്ലേ". രാധാകൃഷ്ണന്റെ ഈ വാക്കുകൾ അവരെ നീരസപ്പെടുത്തി. അവർ ഫോൺ തിരിച്ചുവച്ച് അടുക്കളയിലേക്ക് നടക്കാൻ ഒരുങ്ങി.പിന്നെയും ഫോൺ അടിച്ചു തുടങ്ങി. മറിയാമ്മ എടുത്ത് സംസാരിച്ചു. എന്നാൽ അതും മുറിഞ്ഞ് മുറിഞ്ഞ് കേൾക്കുന്ന സ്വരം. "ശ്ശോ. ഇത് വീണ്ടും അങ്ങനെതന്നെയാണ ല്ലോ". രാധാകൃഷ്ണൻ മറിയാമ്മയുടെ ഈ വാക്കുകൾ കാതിൽ ഒപ്പിയെടുത്തു. എന്നിട്ട് പറഞ്ഞു."ഇവരിത് രണ്ടാം തവണയാണല്ലോ". ഈ തവണ രാധാകൃഷ്ണന്റെ വാക്കുകൾ മറിയാമ്മയെ ചൊടിപ്പിച്ചു. അവർ ഫോൺ താഴെ വച്ച് അടുക്കളയിലേക്ക് പിറുപിറുത്ത് നടന്നു. "പഴയ മജിസ്ട്രേറ്റ് ആണുപോലും മനുഷ്യരോട് ഇത്തിരിപോലും മയം ഇല്ലാത്ത ഒരു മനുഷ്യൻ.ആദ്യം ആ പഴയ ഫോൺ മാറ്റ് ". ഇതും ആ പഴയ മജിസ്ട്രേറ്റിന്റെ കേൾവി ഒപ്പിയെടുക്കാതിരുന്നില്ല. മൂന്നാം തവണ ആ ഫോൺ ബെൽ മുഴങ്ങി. മറിയാമ്മയെ കാത്തു നിൽക്കാതെ അദ്ദേഹം തന്നെ അത് എടുത്തു. ഏറെ പരിചയമുള്ള.18 വർഷങ്ങൾക്ക് മുൻപ് കൈകളിൽ താൻ താലോലിച്ച ആ കുട്ടിക്കുറുമ്പിയായ ആ പെൺകുട്ടിയുടെ അതേ ശബ്ദം. പെട്ടന്നുതന്നെ രാധാകൃഷ്ണൻ അത് മനസിലാക്കി. വീണ്ടും ആ ശബ്ദം. "ഹലോ.0456-അല്ലെ. രാധാകൃഷ്ണൻ ക്ഷണനേരത്തിൽ ഉത്തരം നൽകി."അതെ മായമോളെ".രാധാകൃഷ്ണന്റെ വാത്സല്യം നിറഞ്ഞ വിളി. ആ പതിഞ്ഞ സ്വരത്തെ കരച്ചിലാക്കി മാറ്റി."എന്താ മോളെ". രാധാകൃഷ്ണൻ ഉത്കണ്ഠയോടെ ചോദിച്ചു. അവൾ തേങ്ങലോട്കൂടി പറഞ്ഞു."അച്ഛൻ പോയി".അയാൾ നടുങ്ങിപ്പോയി.പണ്ട് പല തവണ ഞങ്ങൾ രണ്ട് പേരും കുറേ കേസുകൾക്ക് വിധി പറഞ്ഞിട്ടുണ്ട്.



സ്വന്തമായി ഒരു കുടുംബവും ഇല്ലാത്ത എനിക്ക് അന്ന് അവന്റെ കുടുംബമായിരുന്നു എന്റെ കുടുംബം. അവന്റെ മകൾ എനിക്ക് എന്റെ സ്വന്തം മകളെ പോലെയായിരുന്നു.മഹാദേവൻ.എന്റെ ദേവാ നീ എന്നെ വിട്ടു പോയല്ലേ.അയൊൾ മനസിൽ വിചാരിച്ചു. അയാൾ ഫോൺ വച്ചു. മറിയാമ്മ അടുത്ത് നിൽപ്പുണ്ടായിരുന്നു. മറിയാമ്മ ആദ്യമായാണ് രാധാകൃഷ്ണന്റെ മിഴികൾ നിറഞ്ഞ് കാണുന്നത്. വരണ്ട പ്രതലത്തിൽ നീർച്ചാലുകൾ രൂപപ്പെടുന്നത് പോലെ അത് കാണപ്പെട്ടു.അയാളുടെ ചുണ്ടുകൾ മരവിച്ചു. മെല്ലനെ കാൽ പാദങ്ങൾ മുന്നോട്ട് നീക്കി. അത് ബാൽക്കണിയെ ലക്ഷ്യമാക്കിയായിരുന്നു. പ്രദോക്ഷം, ശോഭയാർന്നിരുന്നു. അയാളുടെ മിഴികളും അസ്തമയ സൂര്യനും ചുവന്നതായി കാണപ്പെട്ടു. കടൽക്കരയിൽ തിരമാലകനിശബ്ദമായതുപോലെ. അയാൾ പെട്ടന്നുതന്നെ തന്റെ കാലുകൾ പ്രവർത്തിപ്പിക്കാൻ തുടങ്ങി. മുറ്റത്ത് നിന്ന് കാറിലേക്ക് ഓടിക്കയറി. എന്നാൽ താക്കോൽ എടുക്കാൻ മറന്നിരുന്നു. താക്കോൽ എടുത്ത് പുറത്തേക്ക് നടക്കവേ താക്കോൽ മാറിയത് അറിയുന്നു. യഥാർത്ഥ താക്കോൽ എടുത്ത് തന്റെ ജോലിക്കാരിയേ പറഞ്ഞുവിടാതെ വാതിലുപോലും അടയ്ക്കാതെ അയാൾ കാറിൽ കയറി വേഗത്തിൽ പോയി. മറിയാമ്മക്ക് ആകെമൊത്തം ഒരു ബുദ്ധിശൂന്യത അനുഭവപ്പെട്ടു. ഇരുട്ട് വീണ വഴികളിൽ വെളിച്ചറ വിതറുന്ന തെരുവ് വിളക്കുകൾ ഇരുഭാഗങ്ങളിൽ നിന്നും അദ്ദേഹത്തിന് വഴികാട്ടി. മൺപാതയിലേക്ക് കടന്ന രാധാകൃഷ്ണൻ ഇരു ഭാഗത്തും വയലുകൾ ഉള്ള ഒരു സുന്ദരമായ വീട്ടിലേക്ക് പാഞ്ഞു. ആ വീടിനു മുന്നിലെ ആ ആൾക്കൂട്ടം ഒരു ഭയാനകമായ ഒരു അന്തരീക്ഷം സൃഷ്ട്ടിച്ചിരുന്നു. തന്റെ പ്രിയസുഹൃത്തിനെ തൂവെള്ള തൂവെള്ള നിറത്തിലുള്ള തുണിയിൽ പൊതിഞ്ഞിരിക്കുന്നതായി അയാൾ കണ്ടു. ഹൃദയം നടുങ്ങുന്ന വേദന. മനസ്സ് തകരുന്ന സന്ദർഭം. മുറ്റത്തെ ഇലഞ്ഞിമരത്തിന്റെ ചുവട്ടിലുള്ള ചുവന്ന കസേരയിൽ അയാൾ നിറകണ്ണുകളോടെ ഇരുന്നു. ഇമകൾ മെല്ലെത്താഴ്ത്തി ഓർമകളുടെ കെട്ട് അഴിച്ചു. അവധിക്കാല കോർട്ടിൽ വച്ചാണ് രാധാകൃഷ്ണൻ മഹാദേവനെ കാണുന്നത്. വക്കീലായി തുടങ്ങിയ ഇരുവരും ഒരുപാട് കേസുകൾ നേർക്കുനേർ നിന്ന് പൊരുതി. വക്കീലിൽ നിന്ന് മജിസ്ട്രേറ്റിലേക്കുള്ള യാത്രയിലാണ് അഥവാ അവരുടെ അതിലേക്കുള്ള പരിശ്രമത്തിലാണ് അവർ അടുത്തത്. തന്റെ ബാല്യകാല സുഹൃത്തും ആത്മസഖിയുമായ പത്മയുടെ മരണം രാധാകൃഷ്ണനെ പുതിയ കുടുംബജീവിതത്തിലേക്ക് നയിച്ചിരുന്നില്. എന്നാൽ ഈ ജീവിതാനുഭവങ്ങൾ രാധാകൃഷ്ണൻ മഹാദേവനോടല്ലാതെ മറ്റാരോടും തന്നെ പറഞ്ഞിട്ടില്ലായിരുന്നു. അതായിരുന്നു അവരുടെ ആത്മബന്ധം. പത്മയുടെ സമാനമായ ലാൻഡ് ഫോണും അദ്ദേഹം ആർക്കും പരിചയപ്പെടുത്തിയിരുന്നില്ല. മഹാദേവൻ നേരെ വിപരീതമായിരുന്നു. അന്നേ ഒരു നല്ല കുടുംബജീവിതം നയിച്ചിരുന്നു അദ്ദേഹം. അതിലെ മകളാണ് മായ. അങ്ങനെ യെന്തെല്ലാം ഓർമകൾ.

ഇലഞ്ഞിപ്പൂ ദേഹത്തുവീണ് ഓർമകളിൽ നിന്ന് ഉണർന്ന് അദ്ദേഹം. ആത്മഗതം ഉരുവിട്ടു. എല്ലാം ഇന്നലെ നടന്നപോലെ വ്യക്തം. മായയോട് യാത്ര മൂന്ന്

ദിവസത്തിന് ശേഷം അവിടെ നിന്ന് ഇറങ്ങി അദ്ദേഹം ഇങ്ങനെ സ്വയം അർഥിച്ചു.
ഒരുപാട് പേർക്ക് നീതി നൽകിയ നീ സ്വർഗത്തിലായിരിക്കും. എന്റെ കാലവും
അടുത്തിരിക്കുന്നു. നമുക്ക് അവിടെ വച്ച് കാണാം. അല്ലെങ്കിൽ അടുത്ത ജന്മത്തിൽ
ഒരു അമ്മയുടെ മക്കളായി കൂടപിറപ്പായി പിറന്നിടാം....

**Nripanadhan**
**M S**
**9 E**



*Drawing is the root of everything*

**-Vincent Van Gogh**



By Anexa Els Shaji

9 C

# മറക്കാത്തയാത്ര

വാക്കുകൊണ്ടോ ചിന്തകൊണ്ടോ സഹജീവികൾക്ക് നല്ലതു ചെയ്യാതെ കടന്നുപോകുന്ന ദിവസങ്ങളത്രെയും നിന്റെ ആയുസ്സിന്റെ പുസ്തകത്തിലെ പാഴായിപ്പോയ നാളുകളത്രെ. പത്താം ക്ലാസ്സിലെ ഓട്ടോഗ്രാഫ് ബുക്കിൽ കൈമൾ സാർ എന്ന എന്റെ പ്രീയപ്പെട്ട അധ്യാപകൻ കുറിച്ചിട്ട വരികൾ. അന്ന് ഞാൻ പാറത്തോട്ടത്തിലെ ഗ്രേസി മെമ്മോറിയൽ സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു. കൈമൾ സാർ ഞങ്ങളുടെ ഹിന്ദി അധ്യാപകനായിരുന്നു. സദാ ശുഭവസ്ത്രം ധരിച്ച പിന്നിലേക്ക് ചീകിയൊതുക്കിയ മുടിയും നെറ്റിമേൽ ചന്ദനക്കുറിയുമണിഞ്ഞ ആ രൂപം എന്നും മനസ്സിലുണ്ട്. ആ പ്രിയ ഗുരുനാഥൻ പകർന്നു നൽകിയ എത്ര വലിയ സ്വാധീനമാണെന്നോ.... വരുത്തിയത്! എത്തരുണത്തിലാണ് മുത്തുവിന്റെ മുഖം മനസിലേക്ക് കയറിവരുന്നത്. തമിഴ് നാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ വച്ചാണ് അവനെ ഞാൻ കണ്ടുമുട്ടുന്നത്. കാലുകൾ തളർന്നു. തളർന്നുപോയ നിലയിലായിരുന്നു. അതുകൊണ്ട് കൈത്തലങ്ങൾ തറയിൽ അമർത്തിയാണ് മുന്നോട്ട് നീങ്ങുന്നത്. അക്കാലത്ത് ഞാൻ ചിദംബരത്തെ പ്രശസ്തമായ അണ്ണാമല യൂണിവേഴ്സിറ്റിയിൽ എം.ഏയ്.ക്ക് പഠിക്കുകയാണ്. കോളേജിൽ നിന്ന് ഒരുവിനോദയാത്ര പോയതായിരുന്നു ഞങ്ങൾ. തഞ്ചാവൂരിനടുത്തുള്ള ഒരു മലമുകളിലെ പ്രാചീനമായ കരിങ്കൽ ക്ഷേത്രം കാണാനായി ചെങ്കുത്തായ ഒരു കയറ്റം കയറുകയായിരുന്നു ഞങ്ങളുടെ സംഘം. പാതിവഴി പിന്നിട്ടപ്പോഴാണ് മുത്തുവിനെ കണ്ടുമുട്ടിയത്. കഴുത്തിൽ തൂക്കിയിട്ട അലുമിനിയം ലോട്ടനിൽ കിളികൾക്ക് കുടിക്കാൻ വഴികാട്ടിയായി വന്ന ഗ്രാമത്തലവനാണ് അവനെ പരിചയപ്പെടുത്തിയത്. വളരെ കുറച്ച നാളുകൾ മാത്രം

നീണ്ടുനിൽക്കുന്ന മഴക്കാലം. തുടർന്നുവരുന്ന വേനൽക്കാലത്തു ആ പ്രദേശത്തെ കുളങ്ങളും വറ്റിവരളും. പക്ഷിജാലങ്ങളും ചെറുജീവികളും വെള്ളം കുടിക്കാനായി ഏറെ ദൂരത്തേക്ക് സഞ്ചരിക്കേണ്ടിവരും കുടിക്കാനായി ഏറെ ദൂരത്തേക്ക് സഞ്ചരിക്കേണ്ടിവരും. അവർക്ക വേണ്ടിയാണ് ആ കുട്ടി എന്നും രാവിലെ ജലവുമായി പുറപ്പെടുന്നത്. അവന്റെ വരവ്വ് മരച്ചില്ലകളിലും കുരുവികളിലും കൺ പാതിരിക്കാറുണ്ടത്രെ. അവന്റെ അപ്പവും അമ്മാവും ജന്മിയുടെ വയലിലെ പണിക്കാരാണ്. കൊയ്ത്തു കഴിഞ്ഞേ പാടത്തു കാലാപെറുക്കുമ്പോൾ ലഭിക്കുന്ന നെൽക്കതിരും പതിരും ചോളത്തിന്റെ അവശേഷിപ്പുകളുമൊക്കെ ഒരു മഞ്ഞി പോലും കളയാതെ അമ്മ പെറുക്കിശേഖരിക്കും അതിലൊരുപങ്ക് മുത്തുവിനുള്ളതാണ്. അവൻ അത് സൂക്ഷിച്ചു വെയ്ക്കും.എന്തിനെന്നോ? മഴക്കാലത്തു തീറ്റ തേടിയിറങ്ങാൻ പറ്റാത്ത നാളുകളിൽ തന്റെ മൃഗങ്ങൾക്ക് പശിയടക്കാൻ തെല്ലു താഴെയാണ് അവൻ വസിക്കുന്ന കൊച്ചു മൺകുടിൽ. ഏറെ ശ്രമപ്പെട്ടാണ് അവൻ ആ കയറ്റം താണ്ടുന്നത്. പക്ഷെ മഴയെങ്കിലും മഞ്ഞാകിലും അവനത് മുടക്കിയിട്ടില്ല. മുത്തുവിന് കിളികളിലൂടെ ശബ്ദത്തിൽ പാടാനും അറിയാം. കുയിൽ,മൈന,,തേൻകുരുവി ഇങ്ങനെ പല പക്ഷികളുടെയും ഈണങ്ങൾ അവൻ കേൾപ്പിച്ചിരുന്നു. ആ വിനോദയാത്ര ഒരിക്കലും മറക്കാൻ പറ്റാത്തതിന്റെ കാരണം അവനായിരുന്നു. ഏറെ മനംനിറയുന്ന അനുഭവങ്ങൾ തന്ന വിനോദയാത്ര ആയിരുന്നു അത്....

**Fathima Mehar**

9 E



# ദുഷിച്ച കൂട്ടുകെട്ട്

നമ്മുടെ കഥതുടങ്ങുന്നത് ഒരു മനോഹരമായ കൊച്ചു ഗ്രാമത്തിലാണ്. ഇന്ന് കാണാൻ കിട്ടാത്തതും നമ്മൾ കാണാൻ ആഗ്രഹിക്കുന്നതുമായ നല്ല പച്ചപ്പുള്ള ഒരു ഗ്രാമം. വയലുകളും തോട്ടുകളും മരങ്ങളും പൂക്കളുമെല്ലാം നിറഞ്ഞ ഗ്രാമം. അവിടെ ഒരു കൊച്ചുകുടുംബമുണ്ടായിരുന്നു. അച്ഛനും അമ്മയും മകനും മകളുംമടങ്ങുന്ന കുടുംബം. ഈ കഥയിലെ അച്ഛനും അമ്മയും കൃഷിക്കാരായിരുന്നു. അച്ഛന്റെ പേര് വാസുദേവൻ എന്നും അമ്മയുടെ പേര് കല്യാണി എന്നും മക്കളുടെ പേര് അമ്മുവെന്നും അപ്പുവെന്നുമായിരുന്നു. കല്യാണിയും വാസുദേവനും കൃഷിചെയ്തായിരുന്നു അവരുടെ മക്കളെ വളർത്തിയിരുന്നത്. പഠിക്കാൻ വളരെ മിടുക്കരായിരുന്നു അമ്മുവും അപ്പുവും. അവരുടെ ഗ്രാമത്തിലെ വിദ്യാലയത്തിൽ 10-ാം ക്ലാസ് വരെ മാത്രമെ പഠിക്കാൻ കഴിയുമായിരുന്നുള്ളൂ. അങ്ങനെ ഇരിക്കേ പത്താം ക്ലാസിലെ വാർഷിക പരീക്ഷയിൽ നല്ല മാർക്കോടുകൂടി അപ്പു വിജയിച്ചു. എങ്ങനെയെങ്കിലും കഷ്ടപ്പെട്ട് മകന് നല്ല വിദ്യാഭ്യാസം നൽകാൻ വാസുദേവനും കല്യാണിയും തീരുമാനിച്ചു. അങ്ങനെ അപ്പുവിനെ അവരുടെ ഗ്രാമിത്തിന് പുറത്തുള്ള ഒരു കോളേജിൽ തുടർ പഠനത്തിനായി ചേർത്തു. അതിൽ അപ്പുവിന് വളരെ സന്തോഷമായി. അങ്ങനെ അപ്പു അച്ഛന്റെയും അമ്മയുടെയും അനുഗ്രഹം മേടിച്ചു കോളേജിലേക്ക് പോയി. ഗ്രാമത്തിൽ നിന്നും ഒരുപാട് ദൂരയായിരുന്നു കോളേജ് ഉണ്ടായിരുന്നത്. അതിനാൽ അപ്പുവിനെ ഹോസ്റ്റലിൽ ചേർത്തു. കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് അപ്പുവിന്റെ കാര്യങ്ങൾ നടക്കില്ലെന്ന് കണ്ടപ്പോൾ വീട്ടിലെ ചിലവുകൾ എല്ലാം തന്നെ കുറച്ച് അപ്പുവിന്റെ കാര്യങ്ങൾക്കായി അവർ മാറ്റിവെച്ചു.അപ്പുവിനെ വിട്ടുപിരിഞ്ഞു നിൽക്കുന്നതിൽ നല്ല വിശമമുണ്ടെങ്കിലും അവർ

അപ്പുവിന്റെ ഭാവി ആലോചിച്ചിട്ട് സഹിച്ച നിന്നു. അങ്ങനെയെങ്കിലും പഠിച്ച് നല്ല ഒരു ജോലി കിട്ടി അച്ഛനും അമ്മക്കും സഹോദരിക്കും ഒരു കാവലാവണം എന്നായിരുന്നു അവരുടെ ആഗ്രഹം. അപ്പുവിനും ആ ഒരു ലക്ഷ്യം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അപ്പുവിന് തന്റെ കുടുംബത്തെ വിട്ടുപിരിഞ്ഞ് നിൽക്കുന്നതിലുള്ള വിഷമമായിരുന്നു. അങ്ങനെ ദിവസങ്ങൾ കടന്ന് പോയി. അപ്പുവിന് കുറച്ച കൂട്ടുകാരെ കിട്ടുന്നു. അങ്ങനെ അവന്റെ വിശമങ്ങളെല്ലാം പതിയെ പതിയെ മറന്ന് കൂട്ടുകാരുടെ കൂടെ ജീവിക്കാൻ തുടങ്ങി. ഗ്രാമത്തിൽ വളർന്ന അപ്പുവിന്റെ സ്വഭാവവും പട്ടണത്തിൽ വളർന്ന കൂട്ടുകാരുടെ സ്വഭാവവും തമ്മിൽ വളരെ വ്യത്യാസമുണ്ടായിരുന്നു. പതിയെ പതിയെ അപ്പുവിന്റെ സ്വഭാവം മാറി തുടങ്ങി. അപ്പുവിന്റെ കൂട്ടുകാർ എല്ലാവരും നല്ല പണമുള്ള വീട്ടിലെ കുട്ടികളായുരുന്നു. അതുകൊണ്ട് അപ്പുവും ആ ജീവിതം ആഗ്രഹിച്ചു. അങ്ങനെ വീട്ടിലെ അവസ്ഥയൊന്നും മനസ്സിലാക്കാതെ പണത്തിനായി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. കൈയ്യിലുണ്ടായിരുന്ന പണം മുഴുവൻ കൊടുത്തിട്ടും അവന്റെ അത്യാഗ്രഹം അവസാനിച്ചില്ല.

അപ്പു വീണ്ടും വീണ്ടും പണം ചോദിച്ചു കൊണ്ടിരുന്നു. അച്ഛന്റേയും അമ്മയുടേയും കയ്യിൽ പണമില്ലെന്നു കണ്ടപ്പോൾ അപ്പുവിന്റെ സ്വഭാവം മാറിതുടങ്ങി. ആ കാരണത്താൽ അച്ഛൻ മാനസ്സികമായും ശാരീരികമായും തളർന്നു. അങ്ങനെയിരിക്കെ പെട്ടന്ന് ഒരു ദിവസം അപ്പുവിന്റെ അച്ഛൻ മരണപ്പെട്ടു. ഈ വാർത്തയറിഞ്ഞ് അപ്പു ഗ്രാമത്തിൽ എത്തുന്നു. അപ്പുവിനെ കണ്ടപ്പോൾ അമ്മയും സഹോദരിയും ഒരുപാട് കുറ്റപ്പെടുത്തി. അവന്റെ തെറ്റുകൾ അവൻ മനസ്സിലാക്കുകയും ചെയ്തു. തുടർന്ന് പഠനം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോവുകയും ഒരു ജോലി അപ്പുവിന് ലഭിക്കുകയും ചെയ്തു. അങ്ങനെ സഹോദരിയേയും അമ്മയേയും അപ്പു നല്ല രീതിയിൽ നോക്കി. സഹോദരിയുടെ തുടർപഠനം അപ്പു നോക്കി നടത്തി. അങ്ങനെ അമ്മുവിന് ജോലി ലഭിക്കുകയും അമ്മുവിനെ ഒരു കല്യാണം

കഴിപ്പിക്കുകയും ചെയ്തു. "ഇതൊന്നും കാണാനുള്ള ഭാഗ്യം നിന്റെ അച്ഛനില്ലാതെ പോയല്ലൊ....." എന്ന് കരഞ്ഞുകൊണ്ട് അമ്മ അപ്പുവിനോട് പറഞ്ഞു. ഇത് കേട്ടപ്പോൾ അപ്പുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി കൊണ്ടേയിരുന്നു..............




Fasna K
9 E

# Teacher

The teacher is the one who is endowed with the power of furnishing arguments pro and con,of understanding question and remembering them,who possesses tranquility,self control,compassion and a desire to help others,who is versed in the scriptures and unattached to enjoyments both seen and unseen,who has renounced the means to all kinds of actions,is a knower of Brahman and established in it, and who is devoid of short comings such as ostentation,pride,deceit,cunning,jugglery jealousy,falsehood,egotism and attachment.

# ചിത്രശലഭം

ഉള്ളിന്റെയുള്ളിലെ പുഷ്പാർച്ചനാഗീതം
ഇന്നിതാ തേങ്ങിക്കരഞ്ഞിടുന്നു.
ഉള്ളിന്റെയുള്ളിലെ വിദ്യയാം ശക്തിയെ
ഇന്നിതാ ബന്ധിച്ചിടുന്നുവല്ലോ.
ഉത്ഭവമിന്നിതാ സൂര്യന്റെ ചെങ്കതിർ
പോലുള്ളോരാ സൂര്യകിരണങ്ങളും.
ഉത്ഭവച്ചീടുമീ പോകവും നമ്മുടെ
സ്വർഗമല്ലേ എന്നും സ്വർഗമല്ലോ
ഭൂമിയിൽ നമ്മുടെ ധർമ്മവും സത്യവും
നിലകൊള്ളുവെ മെല്ലെ കാലചക്രം.
പൂവിന്റെയുള്ളിലെ തേൻതുള്ളി മെല്ലെ
പൊഴിയുന്നൊരാസംഗീതത്തിലും.
വിപ്ലവയുദ്ധങ്ങളിങ്ങനെ പോകുന്നു
എന്തിനായിങ്ങനെ കാലചക്രം!
സ്വപ്നങ്ങളങ്ങനെ പോകുന്നൊരാസന്ധ്യ
മറയാത്തൊരാസൂര്യകിരണങ്ങളും.
കാലംപതിപ്പിച്ചമോഹങ്ങളായൊരാ
'ചിത്രശലഭ'വും കൂടെയൊപ്പം!





Krishnavyga

8 C

# ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ

ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ എന്ന ഈ പുസ്തകം വായിക്കാൻ എന്നെ പ്രേരിപ്പിച്ചത് ഡയറിക്കുറിപ്പുകൾ എന്ന പേരായിരുന്നു.അങ്ങനെ ഒരു പുസ്തകം ഞാൻ വായിച്ചിട്ടില്ല വളരെ ആവേശത്തോടുകൂടിയും ആണ് ഞാൻ ഈ പുസ്തകം വായിച്ചത്.

തന്റെ പിറന്നാൾ ദിവസത്തെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ആൻ തന്റെ ഡയറി ആരംഭിക്കുന്നത് തന്റെ ഡയറിയെ ആൻ കിറ്റി എന്നായിരുന്നു വിളിച്ചിരുന്നത് ജൂത പെൺകുട്ടിയായതിനാൽ വളരെ കഷ്ടതയുള്ള ജീവിതമായിരുന്നു ആനിന്റേത് എട്ടുമണിക്ക് ശേഷം വീടിന് പുറത്ത് അതായത് മുറ്റത്തേക്ക് പോലും ഇറങ്ങാനുള്ള പോലും ജൂതന്മാർക്ക് ഉണ്ടായിരുന്നില്ല ഹിറ്റ്ലറിന്റെ ചാര പോലീസിന് പേടിച്ചു കൊണ്ടാണ് ഇവരുടെ കുടുംബം ജീവിച്ചിരുന്നത് പ്രശ്നം ഗുരുതരമായപ്പോൾ ഇവർ ഒളിതാമസത്തിന് പോയി അവിടെ മിസ്റ്റർ വാൺടാനും മിസിസ് വാൺടാനും അവരുടെ മകൻ പീറ്ററും അവരുടെ കൂടെ ഉണ്ടായിരുന്നു


ഒളിത്താവളത്തിൽ ഉള്ള താമസത്തിന് ഇടയിൽ കലഹങ്ങളും ആകാംക്ഷ ഭരിതമായ നിമിഷങ്ങളും സന്തോഷവും സങ്കടവും എല്ലാം കടന്നുപോയി ആൻ അവസാനം എഴുതിയ ഡയറികളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം അവളുടെ മനസ്സിൽ പ്രതീക്ഷയുണ്ടായിരുന്നു എന്ന് ഹിറ്റ്ലറിൻറെ യുദ്ധമെല്ലാം അവസാനിക്കുമെന്നും അടുത്ത മാസം ആകുമ്പോഴേക്കും താൻ പഴയതുപോലെ സ്കൂളിൽ പോകും എന്നുള്ള വിശ്വാസം ആനിനുണ്ടായിരുന്നു പ്രശ്നങ്ങളെല്ലാം അവസാനിച്ചാൽ തന്റെ ആഗ്രഹങ്ങൾക്ക് അനുസരിച്ച് ജീവിക്കുന്ന പെൺകുട്ടിയായി താൻ മാറും എന്ന് ആൻ തന്റെ ഡയറിയിൽ അവസാന വാചകമായി പറയുന്നു.

രണ്ട് വർഷത്തോളമുള്ള ആനിന്റെ ജീവിതം ഈ
പുസ്തകത്തിൽ വ്യക്തമാണ് ഒരു 13
വയസ്സുകാരിയുടെ ലളിതമായ ഭാഷയിലും
വികാരത്തിലും ആണ് ഈ ഡയറി ഉള്ളത് 1942
ജൂൺ 14ന് തുടങ്ങി 1944 ആഗസ്റ്റ് 1ന്
അവസാനിക്കുന്നു ആ കാലത്ത് ജൂതന്മാർ
അനുഭവിച്ച ദുരിതങ്ങളെല്ലാം ഈ പുസ്തകത്തിൽ
വിവരിച്ചിട്ടുണ്ട് ആൻഡ് ഫ്രാങ്കിന്റെ
ഡയറിക്കുറിപ്പിലൂടെയാണ് ലോകം ഇവ
തിരിച്ചറിഞ്ഞത് ആരുടെയും മനസ്സിൽ വേദന
നിറയ്ക്കുന്നവയാണ് ആനിന്റെ അവസാന വരികൾ
നാസി ഭീകരതയുടെ യഥാർത്ഥ മുഖം അവളുടെ

കുറിപ്പിൽ വ്യക്തമാണ് എന്നെ വളരെയധികം വേദനിപ്പിച്ചതും അവളുടെ കുറിപ്പിൽ വ്യക്തമാണ് എന്നെ വളരെയധികം വേദനിപ്പിച്ചതും ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിച്ചതുമായ ഒരു പുസ്തകമാണ് ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ.


**കൃഷ്ണേന്ദു എം എസ്**
9 C





**പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുത്തോടെ തിരിച്ചു വരാനുള്ള അവസരമാണ്**

**-ഹെൻറി ഫോർഡ്**



**വിജയത്തിൻ്റെ മനുഷ്യനാകാതെ, മൂല്യമുള്ള മനുഷ്യനാകാൻ ശ്രമിക്കുക**

**-ആൽബർട്ട് ഐൻസ്റ്റീൻ**

# ഓർമ്മയുടെ പ്രതീക്ഷ....

ഇത്രയും കാലം ജീവിച്ചിട്ട് ഞാൻ ഇതുവരെ ഇങ്ങനെ ചിന്തിച്ചിട്ടില്ല. എന്തോ ഇപ്പോൾ ഇങ്ങനെയൊക്കെ മനസ്സിൽ തോന്നുന്നു.

അവൻ കുഞ്ഞായിരിക്കുമ്പോൾ ഞാനില്ലാതെ പറ്റില്ലായിരുന്നു. എന്നാൽ കാലം മാറി. അവനും മാറി. എന്നാൽ ഞാൻ മാത്രം! കഴിഞ്ഞമാസത്തെ ആ സംഭവത്തിനു ശേഷം ഞാൻ ഒരുപോളമിഴിചിമ്മിയില്ല. ഉറക്കം എന്നിൽ നിന്നും അകലുകയാണ്. പഴയപോലെ നടക്കാനൊന്നും കഴിയില്ല. ഇവിടെയുള്ള എല്ലാവരും എന്നെപ്പോലെയായിരിക്കും. ഉപയോഗശേഷം വലിച്ചെറിയപ്പെട്ടവർ.

എല്ലാ സൂര്യാസ്തമയത്തും എല്ലാവരും ഒന്നായി തമാശകളൊക്കെ പറഞ്ഞുകൊണ്ട് കഴിവതും പഴയ ഓർമ്മകൾ വീണ്ടെടുക്കും. "ഓർമ്മ" അതാണ് എല്ലാം.

"അമ്മേ.... വിശക്കുന്നു" അനുവിന്ദ് വിളിച്ചുകൂവി. കണ്ണാടിക്കുമുൻപിൽ തിരക്കിൽ മുടിയിഴകൾ ഒരു കുടക്കീഴയിലായി ഒളിപ്പിച്ചുകൊണ്ട് ഞാൻ വിളിച്ചുപറഞ്ഞു. "ദോശ ആ ടേബിളിലുണ്ട്. എടുത്ത് കഴിച്ചോ". തിരക്കിനിടയിലും ഞാൻ അവനെ സ്കൂളിൽ ക്ലാസ്മുറിയിലാക്കാതെ വരാറില്ലായിരുന്നു.

ഒരു ദിവസം പോലും ഞാനില്ലാതെ അവൻ ഉറങ്ങില്ലായിരുന്നു. എല്ലാം മാറി. എന്റെ പതിനേഴാം വയസ്സിലാണ് അവൻ ജനിക്കുന്നത്. അനുവിന്ദിന് രണ്ട് വയസാകുമ്പോഴേക്കും ഞാൻ ഒരു വിധവയായി തീർന്നു. ഇനി എങ്ങനെ ജീവിക്കുമെന്ന് ഒരാശയുമില്ലാതെ മകനുമായി ഞാൻ! പല വീടുകളിലും പണിക്കുപോയി രാത്രികൾ തള്ളിനീക്കി. എന്നിരുന്നാലും

അനുവിന്ദിന്റെ ഒരു ആഗ്രഹത്തിനും എതിരു നിന്നില്ല. അവനെ ഞാൻ ചിറകുവിരിക്കാൻ പഠിപ്പിച്ചു. എന്നാൽ ആ ചിറകിനുള്ളിൽ ആരെയൊക്കെ നിർത്തണം എന്നു പഠിപ്പിക്കാൻ എനിക്ക് കഴിഞ്ഞില്ല. പഠിപ്പിച്ചിരുന്നെങ്കിൽ ഞാനിന്നിവിടെ ഈ വൃദ്ധസദനത്തിൽഎത്തുമായിരുന്നില്ല. ഇന്ന് രാവിലെയാണ് ഓഫിസിലെ ഒരാൾ എന്റടുക്കൽ എത്തിയത് "മാധവിയെ കൂട്ടിക്കൊണ്ടുപോകാൻ ആരോ വന്നിരിക്കുന്നു". ഞാൻ ആദ്യം ഒന്നു സന്തോഷിച്ചു. വേഗം തന്നെ എന്റെ ബാഗുമായി ഞാൻ ഒരു മാസത്തിനു ശേഷം ആ പടികളിലൂടെ പാദമിടറി നടന്നു. താഴെയെത്തി. എവിടെ! അവിടെയാരോ ഉണ്ടായിരുന്നു. ഒരു കറുത്ത മീശയുള്ള ഗൗരവഭാവമുള്ള ഒരു ചെറുപ്പക്കാരൻ. അവിടേക്ക് ഓഫീസർ വന്നു. അയാളോട് കൂട്ടിക്കൊണ്ടുപോകാൻ പറഞ്ഞു. അയാൾ സ്തബ്ധനായി "എന്റെ അമ്മയെവിടെ - മാധവി" ഒരൽപം നിരാശയോടെ ഞാൻ മനസ്സിലാക്കി. എന്നെ ഇനി ആരും അന്വേഷിക്കാൻ വരില്ല.എന്റെ കണ്ണിൽ നിന്നും നീർ വന്നതുകണ്ടതുകൊണ്ടായിരിക്കാം അയാൾ എന്നോട് ക്ഷമ ചോദിച്ചു.

ബാഗ് ഒരു തിണ്ണയിൽ വെച്ച്. ഞാൻ ഓർമിക്കാൻ തുടങ്ങിയതാണ്.

-ഇവിടെ നിന്നു നോക്കിയാൽ പഴനിക്ഷേത്രം കാണാം. പണ്ട് ഞാൻ അനുവിന്ദിനെ കൂട്ടി ഇവിടെ വരുമായിരുന്നു. അവനെയുമേറ്റി ഞാൻ പടികളിൽ പാദമുറപ്പിച്ച് നടക്കുമായിരുന്നു. അന്ന് അവന് പത്ത് വയസ്സ് ഇപ്പോൾ അൻപത്. രാത്രിയിൽ ഇന്ന് പുഴകൾ സ്വർണ്ണാഭരണങ്ങളണിഞ്ഞു. സ്വർണ്ണാഭരണങ്ങളുടെ ഇടയിൽ ഒരു പൂർണമായ വെള്ളിപാത്രം.

ഇന്ന് മാധവിയമ്മയും പോയി. ഓരോരുത്തരും പോയിക്കൊണ്ടിരുന്നു. ഒരുപക്ഷെ ഞാൻ ഇവിടെ ഒറ്റക്കാകുമോ? അറിയില്ല. വരാനുള്ളത് വഴിയിൽ തങ്ങിലല്ലോ.


ഇവിടെ എല്ലാവരും സ്നേഹമുള്ളവരാണ്. സ്നേഹത്തിന്റെ വിലയറിയുന്നവർ! ചിലർ സ്നേഹം കിട്ടാത്തവർ.എല്ലാവർക്കും വെവ്വേറെ ഓർമകളാണ്. ചിലർക്ക് സന്തോഷം ചിലർക്ക് സങ്കടം.

ഒരു പക്ഷെ അവന് ഞാനിപ്പോൾ ഒരു ഭാരമായിരുക്കണം എന്നെ അറപ്പായിരിക്കാം ചിലപ്പോൾ മറ്റെന്തെങ്കിലും. അറിയില്ല ഇനി അവർ എരണാകുളത്തിൽ നിന്ന് ഇത്രയും ദൂരം ഒരുക്കലും വരാൻ ഇടയില്ല എന്ന് എനിക്കറിയാം. എങ്കിലും ഒരു ചെറുപ്രതീക്ഷയുമായി ഞാനിവിടെ......

ഞാൻ കേട്ടിട്ടുണ്ട് ലോകത്തിലെ ഏറ്റവും വലിയ സന്തോഷം ഓർമകളാണെന്ന്. ഏറ്റവും വേദന പ്രതീക്ഷയും.

എനിക്ക് ഇപ്പോൾ ഓർമകളുടെ പ്രതീക്ഷകളാണ്. ഇപ്പോഴും! എപ്പോഴും!

**Sreebadra**
**8 A**



# മറ്റൊരു അംബേദ്ക്കറിനെ നമുക്ക് ആവശ്യമുണ്ടോ?

ലോകത്തിലെ ഏറ്റവും വലിയ ഭരണഘടന
എന്നറിയപ്പെടുന്ന ഇന്ത്യൻ ഭരണഘടനയുടെ ശില്പിയായിട്ടാണ്
ഡോ. ബി. ആർ. അംബേദ്ക്കറിനെ നമ്മൾ അറിയുന്നത്
എന്നാൽ രാഷ്ട്രപിതാവായ ഗാന്ധിജി അദ്ദേഹത്തെ
വിശേഷിപ്പിച്ചത് "ചരിത്രത്തിലെ വിസ്മരിക്കാൻ കഴിയാത്ത
മനുഷ്യൻ" എന്നാണ്. മഹാരാഷ്ട്രയിലെ മഹർ സമുദായത്തിൽ
റാംജി സക്പാലിന്റെയും ഭീമ ഭായിയുടെയും മകനായിട്ടാണ്
1981 ഏപ്രിൽ പതിനാലാം തീയതി ഡോ. ബി. ആർ.
അംബേദ്കർ ജനിച്ചത്.

ദളിത് വിഭാഗത്തിൽ ജനിച്ചവൻ ആയിട്ട് കൂടി അദ്ദേഹം വിദ്യ
സമ്പാദിച്ചു.അന്ന് ജീവിച്ചിരുന്ന
ഇന്ത്യക്കാരിൽ വച്ച് ഏറ്റവും ഉന്നതമായ
സർവകലാശാലാബിരുദങ്ങൾ
കരസ്ഥമാക്കിയത് അദ്ദേഹമാണ്.
ഒന്നിലേറെ വിഷയങ്ങളിൽ പല
സർവ്വകലാശാലകളിൽ നിന്ന് അദ്ദേഹം
ഡോക്ടറേറ്റും നേടുകയുണ്ടായി.
"പൗരസ്ത്യ ഇന്ത്യൻ വ്യാപാരം" എന്ന
പ്രബന്ധം ആണ് അദ്ദേഹത്തിന് എം.
എ. ബിരുദം നേടിക്കൊടുത്തത്.
ഭരണഘടനയുടെ ശില്പി എന്നതിലുപരി



ഒരു സാമൂഹിക വിപ്ലവകാരി എന്ന അലങ്കാരമായിരിക്കും
അദ്ദേഹത്തിനേറെ ചേരുന്നത്. ഭരണഘടന
നിർമ്മാണത്തിലൂടെ അംബേദ്കർ ചെയ്ത സേവനം ഇന്ത്യയ്ക്ക്
ജാതി വ്യവസ്ഥകളെ പ്രതിരോധിക്കാനുള്ള ധൈര്യം നൽകുക
എന്നതാണ്.

സ്വാതന്ത്ര്യത്തിന്റെ സൂര്യനുദിക്കുമ്പോൾ ഇന്ത്യയിലെ എല്ലാ
അനാചാരങ്ങളും ഉരുകിപ്പോകും എന്നാണ് അദ്ദേഹം
ഉൾപ്പെടെയുള്ള ഇന്ത്യക്കാർ വിശ്വസിച്ചിരുന്നത്. ജാതിക്കും

ആയ എല്ലാ അനാചാരങ്ങൾക്കും എതിരെ ബോധവാനായ ആദ്യത്തെ അടിസ്ഥാന വർഗ്ഗക്കാരൻ ഡോ. ബി. ആർ. അംബേദ്കർ ആണ് എന്ന് നമുക്ക് പറയാം. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യവർക്ക് സാമൂഹിക സ്വാതന്ത്ര്യം ഒരു പ്രശ്നമായി തോന്നാതിരുന്ന എല്ലാ സാഹചര്യങ്ങളിലും അംബേദ്ക്കർക്ക് ഒന്നിനുപുറകെ ഒന്നായി അനേക സാമൂഹിക പ്രശ്നങ്ങളിൽ ഏർപ്പെട്ടു സമരം ചെയ്യേണ്ടി വന്നിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ക്ഷേത്രപ്രവേശന സമരം. അദ്ദേഹത്തിന്റെ സമരങ്ങളുടെ വേദികളും മുഖങ്ങളും പലതായിരുന്നു അത് തുടങ്ങിയത് അടിസ്ഥാന വർഗ്ഗക്കാർക്ക് വേണ്ടിയുള്ള കുടിവെള്ള സമരത്തിലാണ്.
അംബേദ്കറിലെ വിപ്ലവകാരി ആദ്യം പുറത്തുവന്നത് അദ്ദേഹം ന്യൂയോർക്കിൽ നിന്ന് നാട്ടിലെ സുഹൃത്തുകൾക്ക് അയച്ച കത്തിലൂടെയാണ്.അതിൽ അദ്ദേഹം എഴുതി വിദ്യകൊണ്ട് സ്വന്തം വിധി നിർണയിക്കുവാൻ ബാലികാബാലൻമാർക്ക് കഴിയും. വിദ്യാഭ്യാസം കൊണ്ട് മാത്രമേ എല്ലാം അടിച്ചമർത്തലുകളെയും അനാചാരങ്ങളെയും എതിർത്ത് തോൽപ്പിക്കാൻ കഴിയൂ ഇന്ത്യയിൽ ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും ഓരോ അംബേദ്കർ ആകേണ്ടതിന്റെ ആവശ്യകത തുടങ്ങുന്നത് അദ്ദേഹത്തിന്റെ ഈ വാക്കുകളിലാണ്. എത്ര തന്നെ പ്രതികൂല പരിതസ്ഥിതി ഉണ്ടായാൽ പോലും ആത്മധൈര്യം കൈവിടാതിരിക്കുക എന്ന അംബേദ്കറുടെ സ്വഭാവ സവിശേഷത ഓരോ യുവത്വത്തിനും ഉണ്ടായെങ്കിൽ മാത്രമേ ഇന്ന് മറ്റെല്ലാ അനാചാരങ്ങൾക്കും ഒപ്പം ലഹരി എന്ന വിപത്തിനെ കൂടി തോൽപ്പിച്ച് ഇന്ത്യയെഅതിന്റെ ഏറ്റവും ശ്രേഷ്ഠമായ പദവിയിൽ എത്തിച്ച് ശാസ്ത്ര സാമ്പത്തിക സാമൂഹിക മേഖലകളിൽ ലോകരാജ്യങ്ങളുടെ മുന്നിൽ ഒന്നാമത് എത്തിക്കാൻ കഴിയൂ.
ഭരണഘടന നിർമ്മാണ സമിതിയാണ് ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതെങ്കിലും അന്ന് ക്യാബിനെറ്റിലെ നിയമകാര്യവകുപ്പ് മന്ത്രിയും ഭരണഘടനയുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാനുമായ അംബേദ്ക്കർക്ക് പകരമായി

മറ്റാരെങ്കിലും ആയിരുന്നു കരട് എഴുതി തയ്യാറാക്കിയതെങ്കിൽ
ഭരണഘടനയുടെ രൂപവും ഭാവവും ഇന്നത്തേതിൽ നിന്നും
തികച്ചു വ്യത്യസ്തമാകുമായിരുന്നു.
ഇന്ന് ഇന്ത്യയിൽ നിലവിൽ ഇരിക്കുന്ന
ഭരണഘടന,ഭരണഘടന നിർമ്മാണ സമിതി
പാസാക്കിയതാണെങ്കിലും 79 ഭേദഗതികൾ
അതിനുണ്ടായെങ്കിലും അംബേദ്കറുടെ കൈവിരലുകളുടെ
അടയാളവും വ്യക്തിത്വവും അതിനുണ്ടെന്നും അദ്ദേഹം എഴുതിയ
കരടാണ് ഭരണഘടനയുടെ അടിസ്ഥാനശില എന്നതും ഒരു
ഇന്ത്യക്കാരനും വിസ്മരിക്കാവുന്നതല്ല. ഭരണഘടനാശില്പിയായി
ഇന്ത്യയിലെ മുഴുവൻ ജനങ്ങളും അദ്ദേഹത്തെ ഇന്നും
അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നത് ആ
അടിസ്ഥാനത്തിലാണ്.
എന്നാൽ ഭരണഘടന നിർമ്മാണ രംഗത്ത് അംബേദ്ക്കർക്ക്
പൂർണമായ സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെങ്കിൽ
രൂപപ്പെടുമായിരുന്ന ഭരണഘടന ഇതിൽ നിന്നും തികച്ചും
വ്യത്യസ്തമായ ഒന്നാകുമായിരുന്നു.
അംബേദ്കർ ഉയർത്തിപ്പിടിച്ച മൂല്യങ്ങളും അതുവഴി
രാജ്യത്തിലുണ്ടായ യശസ്സിനും കോട്ടം തട്ടുന്ന
സാഹചര്യങ്ങളിൽ (അതുണ്ടാകുന്നത് ഏത് ശക്തിയിൽ
നിന്നാണെങ്കിലും) രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും
വേണ്ടി ഓരോ ഭാരതീയന്റെയും സാഹോദര്യമാണ് ഇന്ത്യൻ
ജനാധിപത്യത്തിന്റെ അടിത്തറ. ഇന്ന് ഇന്ത്യയിൽ സാഹോദര്യം
നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടോ എന്ന് സംശയിക്കുന്ന
കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്
സാഹോദര്യം ഇല്ലാത്ത ജനാധിപത്യം നിലനിൽക്കുകയില്ല.
രാജ്യത്തിന്റെ ഐക്യവും ജനാധിപത്യ മൂല്യങ്ങളും നമ്മുടെ
ഓരോരുത്തരുടെയും കൈകളിലാണ്. അത്
നിലനിർത്താനുള്ള മാർഗം കാലഘട്ടത്തിന്റെ ധർമ്മമായ
നീതിക്കുവേണ്ടി മാത്രം സമരം നടത്തുക എന്നതാണ്.
സംഘടിതരാവുക, സാഹോദര്യമുള്ളവരാവുക അതുവഴി
ഇന്ത്യയിലെ ആബാലവൃദ്ധം ജനങ്ങളെയും സഹോദരിമാരെയും

സംരക്ഷിച്ച ഇന്ത്യയുടെ യശസ്സ് ഉയർത്തുന്നതിന് ഓരോ ഇന്ത്യക്കാരന്റെ ഉള്ളിലും ആത്മവീര്യമുള്ള അംബേദ്ക്കർമാർ പുനർജനിക്കേണ്ടത് അത്യാവശ്യമാണ്.


അനഘ എം എസ്

9 C




- DR.B.R AMBEDKAR

"If I find the constitution being misused, I shall be the first to burn it."

# അണിയറ പ്രവർത്തകർ

ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ -ഷജി എം വി

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് - ഉഷ സി വി

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

മാനസ് ദേവ് (9 E)
ഹർഷ്ദേവ് (9 C)
അലൻ ബേസിൽ ( 9 C)
ജോയൽ ആന്റണി ( 9 C)
കൃഷ്ണേന്ദു എം എസ് ( 9 C )
അനക്സ എൽസ് ഷാജി (9 C)
പൂർണശ്രീ സന്തോഷ് (9 C)
ഗിരി പ്രകാശ് ( 9 D)
നതനേൽ ഡെൻസൺ (9 E)

## നന്ദി

ലിറ്റിൽ കൈറ്റ്സ്
എസ് കെ എം ജെ യൂണിറ്റ്